ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**DATE : 03.10.2023** **TIME : 06.30 PM**

## പ്രധാന വാർത്തകൾ

1. രാജ്യത്തിന്റെ വികസനത്തിൽ വൈദ്യുതി ഉൽപാദന മേഖലയിലെ സ്വയം പര്യാപ്തതയ്ക്ക് പ്രധാന പങ്ക് വഹിക്കാനാകുമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. തെലങ്കാനയിൽ എണ്ണായിരം കോടി രൂപയുടെ വികസന പദ്ധതികൾ പ്രധാനമന്ത്രി നാടിന് സമർപ്പിച്ചു.

2. 2025 നവംബറോടെ ദാരിദ്ര്യമുക്ത സംസ്ഥാനമാക്കി കേരളത്തെ മാറ്റുകയാണ് സർക്കാരിന്റെ ലക്ഷ്യമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ.

3. ഗംഗാശുചീകരണം ഉൾപ്പടെയുള്ള കേന്ദ്ര പദ്ധതികൾക്ക് അമൃതാനന്ദമയി മഠം നൽകുന്ന സേവനസഹായങ്ങൾ വലുതാണെന്ന് കേന്ദ്രമന്ത്രി മഹേന്ദ്രനാഥ് പാണ്ഡെ.

4. അടുത്ത അധ്യയന വർഷം മുതൽ സംസ്ഥാനത്തെ കോളേജുകളിൽ ഗുണപരമായ മാറ്റങ്ങളോടെയുള്ള പഠന രീതി ആവിഷ്കരിക്കുമെന്ന് മന്ത്രി ആർ ബിന്ദു.

5. സംസ്ഥാനത്ത് തെക്കൻ ജില്ലകളിൽ കനത്ത മഴ തുടരുന്നു. തിരുവനന്തപുരം ജില്ലയിൽ ഓറഞ്ച് ജാഗ്രത.

6. ഏഷ്യൻ ഗെയിംസിൽ ഇന്ത്യയ്ക്ക് 14-ാം സ്വർണ്ണം. നിലവിൽ 66 മെഡലുകളോടെ ഇന്ത്യ നാലാം സ്ഥാനത്ത്.

************************

## Headline 1

**പ്രധാനമന്ത്രി - തെലങ്കാന**

രാജ്യത്തിന്റെ വികസനത്തിൽ വൈദ്യുതി ഉൽപാദന മേഖലയിലെ സ്വയം പര്യാപ്തതയ്ക്ക് പ്രധാന പങ്ക് വഹിക്കാനാകുമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. തെലങ്കാനയിലെ നിസാമാബാദിൽ ഊർജ്ജ, റെയിൽ, ആരോഗ്യ മേഖലയിൽ എണ്ണായിരം കോടി രൂപയുടെ വികസന പദ്ധതികൾ പ്രധാനമന്ത്രി നാടിനു സമർപ്പിച്ചു. നിസാമാബാദിലെ മനോഹരാദാബാദിനും സിദ്ദിപേട്ടിനുമിടയിൽ പുതിയ റെയിൽ പാതയും ധർമബാദ്-മനോഹരാബാദ്, മഹബൂബ് നഗർ, ആന്ധ്രാപ്രദേശിലെ കുർണൂൽ എന്നിവയ്ക്കിടയിലുള്ള റെയിൽ വൈദ്യുതീകരണവും പദ്ധതികളിൽ ഉൾപ്പെടുന്നു. രാമഗുണ്ടത്ത് ആറായിരം കോടി രൂപ ചെലവിൽ നിർമിച്ച അത്യാധുനിക 800 മെഗാവാട്ട് പവർ സ്റ്റേഷനും അദ്ദേഹം ഉദ്ഘാടനം ചെയ്തു.

20 ജില്ലാ ആസ്ഥാനങ്ങളിലെ ആശുപത്രികളിൽ പ്രധാനമന്ത്രി ആയുഷ്മാൻ ഭാരത് ആരോഗ്യ മിഷന്റെ കീഴിൽ 516 കോടി രൂപ ചെലവിൽ 50 കിടക്കകളുള്ള ക്രിട്ടിക്കൽ കെയർ ബ്ലോക്കുകളുടെ തറക്കല്ലിടലും പ്രധാനമന്ത്രി നിർവഹിച്ചു.
തെലങ്കാന ഗവർണർ തമിഴിസൈ സൗന്ദരരാജൻ, കേന്ദ്രമന്ത്രി ജി കിഷൻ റെഡ്ഡി തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു.

************************

## Headline 2

**മേഖലാതല അവലോകന യോഗം**

മുഖ്യമന്ത്രിയുടെയും മന്ത്രിമാരുടെയും നേതൃത്വത്തിലുള്ള മേഖലാതല അവലോകന യോഗം എറണാകുളത്ത്

നടന്നു. ഇടുക്കി, കോട്ടയം, ആലപ്പുഴ, എറണാകുളം ജില്ലകളുടെ അവലോകന യോഗമാണ് ബോൾഗാട്ടി പാലസിൽ നടന്നത്. ഉച്ച വരെ ജില്ലകളിലെ പ്രധാന പദ്ധതികളുടേയും പരിപാടികളുടേയും അവലോകനവും, ഉച്ചകഴിഞ്ഞ് പൊലീസ് ഉദ്യോഗസ്ഥർ പങ്കെടുത്ത ക്രമസമാധാന പ്രശ്നങ്ങളുടെ അവലോകനവുമാണ് നടന്നത്. ജില്ലകളിലെ പദ്ധതികളുടെ പുരോഗതിയും പരിഹാരം കാണേണ്ട വിഷയങ്ങളും ജില്ലാ കളക്ടർമാർ അവതരിപ്പിച്ചു. അതി ദാരിദ്ര്യ നിർമാർജനം, മാലിന്യമുക്ത നവകേരളം, ഹരിത കേരളം മിഷൻ, ലൈഫ് മിഷൻ, ജൽ ജീവൻ മിഷൻ, മലയോര ഹൈവേ, തീരദേശ ഹൈവേ എന്നീ പദ്ധതികളാണ് പ്രധാനമായും വിലയിരുത്തിയത്. മാലിന്യമുക്ത നവകേരളം പദ്ധതിയുമായി ബന്ധപ്പെട്ട് ഡോർ ടു ഡോർ മാലിന്യ ശേഖരണത്തിൽ നാല് ജില്ലകളും മെച്ചപ്പെട്ട പ്രവർത്തനം കാഴ്ചവച്ചതായും യോഗം വിലയിരുത്തി.

************************

## Headline 2

### മുഖ്യമന്ത്രി

2025 നവംബറോടെ ദാരിദ്ര്യമുക്ത സംസ്ഥാനമാക്കി കേരളത്തെ മാറ്റുകയാണ് സർക്കാരിന്റെ ലക്ഷ്യമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. എറണാകുളം ബോൾഗാട്ടി പാലസ് കൺവൻഷൻ സെന്ററിൽ എറണാകുളം, ആലപ്പുഴ, കോട്ടയം, ഇടുക്കി ജില്ലകളുടെ മേഖലാതല അവലോകന യോഗത്തിനു ശേഷം സംസാരിക്കുകയായിരുന്നു മുഖ്യമന്ത്രി.

************************

### അവലോകന യോഗം

കോഴിക്കോട്, കണ്ണൂർ, വയനാട്, കാസർകോട് ജില്ലകളുടെ അവലോകന യോഗം മറ്റെന്നാൾ കോഴിക്കോട് ചെറുവണ്ണൂർ മറീന കൺവൻഷൻ സെന്ററിൽ നടക്കും.

രാവിലെ 9.30 മുതൽ ഉച്ചക്ക് 1.50 വരെ പ്രമുഖ പദ്ധതികളുടേയും പരിപാടികളുടേയും അവലോകനം നടക്കും. വൈകിട്ട് 3.30 മുതൽ അഞ്ച് വരെ പൊലീസ് ഓഫീസർമാരുടെ യോഗം ചേർന്ന് ക്രമസമാധാന പ്രശ്നങ്ങൾ അവലോകനം ചെയ്യും.

************************

## Headline 3

**അമൃതാനന്ദമയി**

മാതാ അമൃതാനന്ദമയിയുടെ സപ്തതി ആഘോഷങ്ങളുടെ ഭാഗമായി കൊല്ലം അമൃതപുരിയിൽ അമൃത വർഷം 70 സാംസ്കാരിക സമ്മേളനത്തിൽ കേന്ദ്രമന്ത്രി മഹേന്ദ്രനാഥ് പാണ്ഡെ വിശിഷ്ടാതിഥിയായി പങ്കെടുത്തു. അമൃതശ്രീ തൊഴിൽ നൈപുണ്യ പരിശീലന കേന്ദ്രങ്ങളിൽ നിന്നുള്ള 5,000 വനിതകൾക്ക് കേന്ദ്രമന്ത്രി സാക്ഷ്യപത്രങ്ങൾ കൈമാറി. ഗംഗാശുചീകരണം ഉൾപ്പടെയുള്ള കേന്ദ്ര പദ്ധതികൾക്ക് അമൃതാനന്ദമയി മഠം നൽകുന്ന സേവനസഹായങ്ങൾ വലുതാണെന്ന് അദ്ദേഹം പറഞ്ഞു. പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ ജന്മദിനാംശസ ശബ്ദസന്ദേശത്തോടെ ആരംഭിച്ച പരിപാടിയിൽ കേന്ദ്ര സഹമന്ത്രിമാരായ അശ്വിനികുമാർ ചൗബേ,
വി. മുരളീധരൻ ഉൾപ്പെടെ പ്രമുഖരും പങ്കെടുത്തു. അമൃതാനന്ദമയിയുടെ ജന്മദിനാഘോഷം ഭാരതീയപാരമ്പര്യ മൂല്യങ്ങളുടെ ആഘോഷമാണെന്ന് ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ ആശംസാപ്രസംഗത്തിൽ പറഞ്ഞു.

************************

**നൊബേൽ പുരസ്കാരം- ഭൗതിക ശാസ്ത്രം**

2023-ലെ ഭൗതിക ശാസ്ത്രത്തിനുള്ള നൊബേൽ പുരസ്കാരം പിയറി അഗോസ്റ്റീനി, ഫെറൻസ് ക്രൗസ്, ആൻ എൽ ഹുല്ലിയർ എന്നിവർക്ക്. ആറ്റോഫിസിക്സ് എന്ന പുതിയ ഭൗതികശാസ്ത്ര പഠനമേഖലയിലെ പുത്തൻ സാദ്ധ്യതകൾ തുറന്നിട്ടതിനാണ് മൂവർക്കും നൊബേൽ അംഗീകാരം ലഭിച്ചത്.

ആൻ എൽ ഹുല്ലിയർ ഭൗതിക ശാസ്ത്രത്തിൽ നൊബേൽ പുരസ്കാരം നേടുന്ന അഞ്ചാമത്തെ വനിതയാണ്.

************************

**അമൃത് 2 പദ്ധതി- കുടിവെള്ള കണക്ഷൻ (ഇൻട്രോ)**

കേന്ദ്ര സർക്കാരിൻറെ അമൃത് 2 പദ്ധതിയിൽ ഉൾപ്പെടുത്തി കണ്ണൂർ കോർപ്പറേഷൻ പരിധിയിൽ എല്ലാവർക്കും സൗജന്യ കുടിവെള്ള കണക്ഷൻ നൽകുന്നു. 100 കോടി ചെലവഴിച്ച് നടപ്പാക്കുന്ന പദ്ധതിയുടെ പ്രവൃത്തി ഉദ്ഘാടനം നാളെ നടക്കും.

**വിശദാംശങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി കെ.ഒ. ശശിധരൻ.**

**(വോയ്സ്)**

************************

**വി.മുരളീധരൻ**

രാജ്യത്തെ ജനങ്ങളിൽ ദേശീയോദ്ഗ്രഥനം പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യവുമായി സി ആർ പി എഫ് സംഘടിപ്പിക്കുന്ന വനിതാ ഉദ്യോഗസ്ഥരുടെ മോട്ടോർ സൈക്കിൾ റാലിക്ക് മറ്റന്നാൾ തിരുവനന്തപുരം

പള്ളിപ്പുറം
സി ആർ പി എഫ് ക്യാമ്പിൽ സ്വീകരണം നൽകും. കേന്ദ്ര സഹമന്ത്രി വി.മുരളീധരൻ വനിതാ ഉദ്യോഗസ്ഥരെ അനുമോദിക്കും. രാഷ്ട്രീയ ഏകതാ ദിവസിന്റെ ഭാഗമായി ഈ മാസം 05 മുതൽ 31 വരെയാണ് റാലി സംഘടിപ്പിക്കുന്നത്. ഇതിൽ ദക്ഷിണ മേഖലയിലെ റാലി മറ്റന്നാൾ കേന്ദ്ര സഹമന്ത്രി എൽ.മുരുഗൻ കന്യാകുമാരിയിൽ ഫ്ലാഗ് ഓഫ് ചെയ്യും.

************************

## Headline 4

**മന്ത്രി ആർ. ബിന്ദു**

ഉന്നത വിദ്യാഭ്യാസ മേഖല കാലഘട്ടത്തിന് അനിവാര്യമാണെന്ന് മന്ത്രി ആർ. ബിന്ദു. ആലുവ സെന്റ്. സേവ്യഴ്സ് കോളേജിൽ രാഷ്ട്രീയ ഉച്ചതർ ശിക്ഷാ അഭിയാൻ പദ്ധതിയുടെ ഭാഗമായി നിർമ്മിച്ച കെട്ടിടത്തിന്റെയും നവീകരണപ്രവർത്തനങ്ങളുടെയും ഉദ്ഘാടനം നിർവഹിച്ചു സംസാരിക്കുകയായിരുന്നു മന്ത്രി. വിദ്യാഭ്യാസരംഗം പരിഷ്കരിക്കുന്നതിന്റെ ഭാഗമായി അടുത്ത അധ്യയന വർഷം മുതൽ സംസ്ഥാനത്തെ കോളേജുകളിലെ പഠന രീതി ഗുണപരമായ മാറ്റങ്ങളോടെയാകും നടപ്പാക്കുക. വിദ്യാർത്ഥികളുടെ സർഗവാസനകളെ  കൂടുതൽ മെച്ചപ്പെടുത്തും വിധം വിദ്യാർത്ഥി കേന്ദ്രീകൃത വിദ്യഭ്യാസ നയമാണ് സ്വീകരിക്കുക. സാങ്കേതിക വിദ്യയുടെ വളർച്ച വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പ്രയോജനപ്പെടുത്തണമെന്നും സംസ്ഥാനത്തെ വിദ്യാഭ്യാസ രംഗത്ത് ലോകോത്തര നിലവാരം ഉറപ്പു വരുത്തുന്നതിനാവശ്യമായ ക്രമീകരണങ്ങൾ ഉറപ്പാക്കുമെന്നും മന്ത്രി പറഞ്ഞു.

************************

പി രാജീവ്

വ്യവസായ സംരംഭങ്ങൾക്ക് സഹായങ്ങൾ നൽകുന്ന മികച്ച തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് പുരസ്കാരങ്ങൾ നൽകുമെന്ന് മന്ത്രി പി രാജീവ് പറഞ്ഞു. സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുകയെന്ന ലക്ഷ്യത്തോടെ മികച്ച എം.എസ്.എം.ഇ, മികച്ച എക്സ്പോർട്ടിങ് ഇൻഡസ്ട്രി തുടങ്ങി വിവിധ പുരസ്കാരങ്ങൾ ഏർപ്പെടുത്തുമെന്നും അദ്ദേഹം കൊച്ചിയിൽ വാർത്താ സമ്മേളനത്തിൽ പറഞ്ഞു. വ്യവസായ വകുപ്പിന് കീഴിലുള്ള പൊതു മേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തന മികവിന് സർക്കാർ ഏർപ്പെടുത്തിയ അവാർഡുകൾ മന്ത്രി പ്രഖ്യാപിച്ചു.

ട്രാവൻകൂർ കൊച്ചിൻ കെമിക്കൽസ്, മലപ്പുറം കോപ്പറേറ്റീവ് സ്പിന്നിങ് മില്ല്, കേരള സെറാമിക്സ് ലിമിറ്റഡ്, കേരള ആർട്ടിസാൻസ് ഡെവലപ്മെൻറ് കോർപ്പറേഷൻ എന്നിവ അവാർഡിനായി തിരഞ്ഞെടുത്തു.

*************************

## Headline 5

**മഴ**

സംസ്ഥാനത്ത് കനത്ത മഴ തുടരുന്നു. തിരുവനന്തപുരം ജില്ലയിൽ ഓറഞ്ച് ജാഗ്രതയും, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ ജില്ലകളിൽ മഞ്ഞ ജാഗ്രതയും പ്രഖ്യാപിച്ചു. തിരുവനന്തപുരം ജില്ലയിലെ താഴ്ന്ന ഇടങ്ങളിൽ വെള്ളക്കെട്ട് രൂക്ഷമാണ്. ഇന്നും നാളെയും തെക്കൻ കേരള തീരത്തും, ലക്ഷദ്വീപ് തീരത്തും മണിക്കൂറിൽ 40 മുതൽ 45 കിലോമീറ്റർ വരെ വേഗതയിൽ ശക്തമായ കാറ്റിനും, മോശം കാലാവസ്ഥയ്ക്കും സാധ്യതയുള്ളതിനാൽ കേരള - ലക്ഷദ്വീപ് പ്രദേശങ്ങളിൽ മത്സ്യബന്ധനത്തിന് വിലക്ക് ഏർപ്പെടുത്തി. കൂടാതെ കേരള തീരത്തും

തെക്കൻ തമിഴ്നാട് തീരത്തും ഇന്ന് രാത്രിവരെ ഉയർന്ന തിരമാലയ്ക്കും കടലാക്രമണത്തിനും സാധ്യതയുണ്ടെന്നും മുന്നറിയിപ്പുണ്ട്. മത്സ്യത്തൊഴിലാളികൾക്കും തീരദേശവാസികൾക്കും സംസ്ഥാന ദുരന്തനിവാരണ അതോറിറ്റി ജാഗ്രതാ നിർദേശം നൽകിയിട്ടുണ്ട്. മഴക്കെടുതി മൂലം കാർഷിക വിളകൾക്കുണ്ടാകുന്ന നാശനഷ്ടങ്ങൾ അറിയിക്കുന്നതിനും, ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്കുമായി കൃഷിവകുപ്പ് ജില്ലാതല കൺട്രോൾ റൂമുകൾ തുറന്നു. കർഷകർക്ക് കൺട്രോൾ റൂമുകളിലെ നമ്പരുകളിൽ നേരിട്ട് ബന്ധപ്പെടാം.

*************************

മഴ ഭാഗിക നാശനഷ്ടം

കഴിഞ്ഞ ദിവസങ്ങളിലുണ്ടായ കനത്തമഴയിൽ തിരുവനന്തപുരം ജില്ലയിലെ ആറ് താലൂക്കുകളിലായി 23 വീടുകൾ ഭാഗികമായി തകർന്നു. ചിറയിൻകീഴ് താലൂക്കിലെ മാമം അംഗൻവാടിയിൽ ഒരു ദുരിതാശ്വാസ ക്യാംപ് തുറന്നിട്ടുണ്ട്. മഴക്കെടുതി നേരിടുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കാൻ ജില്ലാ കളക്ടർ നിർദേശം നൽകി. ജില്ലയിൽ ആകെ 43.57 ലക്ഷത്തിന്റെ കൃഷിനാശമുണ്ടായതാണ് വിലയിരുത്തൽ.

*************************

പി എസ് സി പരീക്ഷകൾ മാറ്റിവെച്ചു.

ശക്തമായ മഴ കാരണം തിരുവനന്തപുരം ജില്ലയിൽ നാളെയും മറ്റന്നാളും നടക്കാനിരുന്ന പി എസ് സി പരീക്ഷകൾ മാറ്റി. മറ്റു ജില്ലകളിലെ പരീക്ഷകൾക്ക് മാറ്റമില്ല. അസി.പ്രിസണർ ഓഫീസർ കായികക്ഷമതാ പരീക്ഷയാണ് മാറ്റിവച്ചത്.

*************************

നെയ്യാർ ഡാം

വൃഷ്ടി പ്രദേശങ്ങളിൽ മഴ തുടരുന്ന സാഹചര്യത്തിൽ തിരുവനന്തപുരത്തെ നെയ്യാർ ഡാമിന്റെയും, കൊല്ലം

തെന്മല ഡാമിന്റെ ഷട്ടറുകൾ ഉയർത്തിയതിനാൽ സമീപവാസികൾ ജാഗ്രത പാലിക്കണമെന്ന് ജില്ലാ കളക്ടർമാർ അറിയിച്ചു. നെയ്യാർ നദിയിലെ അരുവിപ്പുറം സ്റ്റേഷനിൽ നിലവിലെ ജലനിരപ്പ് അപകട നിരപ്പിനേക്കാൾ കൂടുതലായതിനാൽ പ്രദേശത്ത് ഓറഞ്ച് ജാഗ്രതയും; കരമന വെള്ളൈകടവ് സ്റ്റേഷൻ, പത്തനംതിട്ട അച്ചൻകോവിൽ തുമ്പമൺ സ്റ്റേഷൻ, മണിമല കല്ലൂപ്പാറ സ്റ്റേഷൻ എന്നിവിടങ്ങളിൽ മഞ്ഞ ജാഗ്രതയും കേന്ദ്ര ജല കമ്മീഷൻ പ്രഖ്യാപിച്ചിട്ടുണ്ട്.

*************************

## Headline 6

**ഏഷ്യൻ ഗെയിംസ്**

ഹാങ്ഷ്വാ ഏഷ്യൻ ഗെയിംസിൽ ഇന്ത്യയുടെ മെഡൽ വേട്ട തുടരുന്നു. വനിതകളുടെ 5000 മീറ്റർ റേസിൽ പാരുൾ ചൗധരി സ്വർണം നേടി. തിങ്കളാഴ്ച നടന്ന വനിതകളുടെ 3000 മീറ്റർ സ്റ്റീപ്പിൾ ചേസിൽ വെള്ളി നേടിയതിന് ശേഷം, ഹാങ്ഷ്വാ ഗെയിംസിൽ പാരുലിന്റെ രണ്ടാമത്തെ മെഡലാണിത്. 75 കിലോഗ്രാം ഭാരോദ്വഹനത്തിൽ മത്സരിക്കുന്ന ലോക ചാമ്പ്യൻ ലോവ്ലിന ബോർഗോഹൈൻ ഫൈനലിലേക്ക് മുന്നേറിക്കൊണ്ട്

പാരിസ് ഒളിമ്പിക്സിൽ സ്ഥാനം ഉറപ്പിച്ചു. പുരുഷന്മാരുടെ 800 മീറ്ററിൽ

മുഹമ്മദ് അഫ്സൽ വെള്ളി നേടി. ട്രിപ്പിൾ ജംപിൽ പ്രവീൺ ചിത്രവേൽ വെങ്കലമെഡൽ നേടി. 14 സ്വർണം , 25 വെള്ളി, 27 വെങ്കലം ഉൾപ്പെടെ 66 മെഡലുകളോടെ നിലവിൽ നാലാം സ്ഥാനത്താണ് ഇന്ത്യ.

*************************

മഴ-പത്തനംതിട്ട (ഇൻട്രോ)

പത്തനംതിട്ട ജില്ലയിൽ ഇന്ന് ഇടവിട്ടുള്ള ചെറിയ മഴയാണ് ലഭിച്ചത്. ജില്ലയിൽ തിരുവല്ല താലൂക്കിൽ
ഒരു ദുരിതാശ്വാസക്യാമ്പ് തുറന്നു.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി പത്തനംതിട്ട ജില്ലാ പ്രതിനിധി ശ്രീജി ശ്രീധർ.**

(വോയ്സ്)

************************

ലോകകപ്പ് ക്രിക്കറ്റ്

ഇന്ത്യ ആതിഥ്യമരുളുന്ന 13-ാമത് ലോകകപ്പ് ക്രിക്കറ്റ് ടൂർണമെന്റിന് മറ്റെന്നാൾ തുടക്കമാകും.
അഹമ്മദാബാദിലെ നരേന്ദ്രമോദി സ്റ്റേഡിയത്തിലാണ് ആദ്യ മത്സരം. ഉച്ചയ്ക്ക് രണ്ടിന് ഇംഗ്ലണ്ടും ന്യൂസിലാൻഡും ഏറ്റുമുട്ടും.

************************

************************

***********